**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5450** **21-07-2022 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിൽ വിവിധ തസ്തികകളിലേക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ, ചിക്സ് സെക്സിംഗ് എക്സ്പേർട്ട് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന 4.5.1993 ലെ ജി.ഒ.(പി)നം.104/93/എ.ഡി. നമ്പർ ഉത്തരവ് പ്രകാരവും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.9.2016 ലെ 948/2014 നമ്പർ ഉത്തരവ് പ്രകാരവും പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | OA 948/2014 നമ്പർ കേസിന്മേൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.9.2016 ലെ വിധിന്യായം, സർക്കാരിന്റെ 08/06/2017 ലെ G.O(Rt)No.315/2017/AHD നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കികൊണ്ട്, ചിക് സെക്സിംഗ് എക്സ്പെർട്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേന നിയമിയ്ക്കപ്പെടുന്നതിന് , ചിക് സെക്സർ തസ്തികയെ ഒന്നാമത്തെ ഫീഡർ കാറ്റഗറിയായി പരിഗണിയ്ക്കാനാകും വിധത്തിൽ പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>തുടർന്ന് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കരട് പ്രൊപ്പോസൽ തയ്യാറാക്കുകയും ആയത് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ സർവ്വീസ് സംഘടനകളെയും വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 22/10/2021 ൽ ഓൺലൈൻ മീറ്റിംഗ് നടത്തുകയും അതിൽ അഭിപ്രായം നൽകിയ കൂടുതൽ സംഘടനകളും നിലവിലെ സ്പെഷ്യൽ റൂൾസ് ഭേദഗതിയെ എതിർത്തതിനാൽ ഈ വിഷയത്തിൽ സർവ്വീസ് സംഘടനകളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എഴുതി സമർപ്പിക്കുന്നതിനും വകുപ്പിൽ ചിക് സെക്സർമാരുടെ എത്ര എൻട്രി തസ്തികകൾ ഉണ്ടെന്നും എത്ര പ്രൊമോഷൻ തസ്തികകൾ ഉണ്ടെന്നും അവയുടെ പ്രൊമോഷൻ അനുപാതം എങ്ങനെയാണെന്നുമുള്ള അവലോകനം നടത്തി രേഖാമൂലം സർക്കാരിൽ സമർപ്പിക്കുവാനും ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതിൻ പ്രകാരമുള്ള തുടർ നടപടികൾ ഡയറക്ടർ തലത്തിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ